മണലൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യ കേന്ദ്രങ്ങൾ

21 (6171) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) മണലൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന സി. എച്ച് സി കൾ, പി. എച്ച്. സി. കൾ സബ്സെന്ററുകൾ എന്നിവ ഏതൊക്കെയെന്നുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇവയിലോരോന്നിലും അനുവദിച്ചിട്ടുള്ള തസ്തികകൾ സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) ഓരോ സ്ഥാപനത്തിലും ഇപ്പോൾ ജോലി ചെയ്യുന്നവരുടെ വിവരം അറിയിക്കുമോ ;

(ഡി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) - (ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രിയിൽ ഐ. സി. യൂണിറ്റ്

22 (6172) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രിയിൽ ഐ.സി.യൂണിറ്റ് സ്ഥിരമായി പ്രവർത്തിപ്പിക്കണമെന്ന ലോകായുക്ത വിധി (2009 ജൂൺ 10) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഐ.സി. യൂണിറ്റ് സ്ഥിരമായി പ്രവർത്തിപ്പിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) & (ബി)

ലോകായുക്ത വിധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

മൂവാറ്റുപുഴ താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി യൂണിറ്റ്

23 (6173) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) മൂവാറ്റുപുഴ താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി യൂണിറ്റ് ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly